മോട്ടോർ വാഹന വകുപ്പ് , കേരളം
ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തീയതി: 18-01-2024

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: ഡയറക്ടർ
സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരള

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരള - പ്രൊഫഷണൽഡിപ്ലോമ ഇൻ മെക്കാനിക്കൽ ആൻഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സ് -ഡ്രൈവിംഗ് സ്കൂൾ പരിശീലകനുള്ള യോഗ്യതയായി കണക്കാക്കുന്നത് സംബന്ധിച്ച്

സൂചന :- 01/01/2024 തീയതിയായി താങ്കൾ സമർപ്പിച്ച കത്ത് നമ്പർ CE/C1/3826/2023

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു .

സെന്റർ ഫോർ കണ്ടിന്യൂവിംഗ് എജ്യൂക്കേഷൻ കേരള നടത്തുന്ന ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ മെക്കാനിക്കൽ ആൻഡ് ഓട്ടോമൊബൈൽ എൻജിനീയറിങ് എന്ന കോഴ്സിനെ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായി . ഇത് ക്ലാസുകൾ ഭൂരിഭാഗവും ഓൺലൈനായി നടത്തപ്പെടുന്ന ഒരു കോഴ്സ് ആണ് . ഓട്ടോമൊബൈൽ/ മെക്കാനിക്കൽ കോഴ്സ് , വർക്ക്ഷോപ്പ് എന്നിവ ഇല്ലാത്ത കോട്ടക്കൽ വനിതാ പോളിടെക്നിക്കിൽ പോലും ഈ കോഴ്സ് നടത്തപ്പെടുന്നു. ഇവിടെ നിന്ന് പുരുഷന്മാർക്കും സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നാണ് അറിയുവാൻ കഴിഞ്ഞത്.

ഈ കോഴ്സ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ വ്യാവസായിക വികസന വകുപ്പോ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് തുല്യമായ യോഗ്യതയായി നിലവിൽ പരിഗണിച്ചിട്ടില്ല എന്ന് കണ്ടിന്യൂയിംഗ് സെൻറർ ഫോർ എജ്യൂക്കേഷൻ തന്നെ അറിയിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ഈ കോഴ്സ് കഴിഞ്ഞ വ്യക്തികൾക്ക് വാഹന സാങ്കേതിക വിദ്യയിലുള്ള അടിസ്ഥാന ജ്ഞാനം പോലും ഇല്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ഒരു ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ അറിഞ്ഞിരിക്കേണ്ടതായ കാര്യങ്ങൾ ഒന്നും ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. 18/2/2017 തീയതിക്ക് അന്നത്തെ ബഹു ട്രാൻസ്പോർട്ട് കമ്മീഷണർ ഒരു അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ ഈ യോഗ്യത ലഭിച്ച വ്യക്തിയെ ഒരു ഡ്രൈവിംഗ് സ്കൂളിൽ ഇൻസ്ട്രക്ടർ ആയി നിയമിക്കാം എന്ന ഉത്തരവല്ല നൽകിയിരിക്കുന്നത്. ഒരു വിവരാവകാശ നിയമപ്രകാരമുള്ള അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇതു പ്രകാരം കേരളത്തിലെ വിവിധ ഓഫീസുകളിൽ മേൽ യോഗ്യതയുള്ളവരെ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടറായി നിയമിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (viii)(b) പ്രകാരം കോഴ്സിന്റെ ദൈർഘ്യം പറയുന്നില്ല എങ്കിലും കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (viii )(d) പ്രകാരം വാഹനത്തിന്റെ ഭാഗങ്ങളും സാങ്കേതിക വിദ്യകളും പ്രവർത്തന രീതികളും ഡ്രൈവിംഗ് പരിശീലനത്തിന് എത്തുന്നവർക്ക് പഠിപ്പിച്ചു നൽകേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിൽ വാഹന സാങ്കേതികവിദ്യ മനസ്സിലാക്കാതെ ഡ്രൈവിംഗ് പഠനം നടത്തുന്നതും അതുവഴി ലൈസൻസ് കരസ്ഥമാക്കുന്നതും റോഡ് അപകടങ്ങൾക്ക് കാരണമാകുന്നു എന്നത് ഒരു വസ്തുതയാണ്. ഈ പരിജ്ഞാനം ലഭിക്കുവാൻ ഉതകുന്ന രീതിയിലുള്ള കോഴ്സ് അല്ല മേൽ സൂചിപ്പിച്ചിട്ടുള്ളത് എന്ന് അനുമാനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ആയതിനാൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എജ്യൂക്കേഷൻ കേരള നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ ഇൻ മെക്കാനിക്കൽ ആൻഡ് ഓട്ടോമൊബൈൽ എൻജിനീയറിങ് എന്ന കോഴ്സ് പൂർത്തിയാക്കുന്നവരെ ഡ്രൈവിംഗ് സ്കൂളുകളിൽ ഇൻസ്ട്രക്ടറായി നിയമിക്കുവാൻ സാധിക്കുകയില്ല .

ആയതിനാൽ ടി യോഗ്യത കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (viii )(b) പ്രകാരമുള്ള

75551/2024

യോഗ്യതയായി കണക്കാക്കുവാൻ സാധിക്കുകയില്ല എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in